# ഇബാദത്തും ഇഖ്‌ലാസും

**റമദാനിൽ** നോമ്പെടുക്കുന്നവരുടെ എണ്ണം വർഷം തോറും വർധിച്ചുവരുന്നുണ്ട്. രാത്രിയും പകലും പള്ളികളെല്ലാം ജനനിബിഡമാണ്. ദീനീപ്രഭാഷണങ്ങളും ക്ലാസ്സുകളും സാധാരണമായിരിക്കുന്നു. സംഘടിതമായ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെയും ദാനധർമങ്ങളുടെയും തിരക്കാണെങ്ങും. വിശ്വാസികളിൽ സന്തോഷവും ആവേശവുമുളവാക്കുന്ന സ്ഥിതിവിശേഷംതന്നെയാണിത്. ഈ സന്തോഷത്തിനിടയിൽ നാം കണ്ണു തുറന്നു കാണേണ്ട ഒരു യാഥാർഥ്യമുണ്ട്. കാലം ചെല്ലുംതോറും മുസ്‌ലിം യുവാക്കളിൽ കുറ്റവാസനയും അധാർമികതയും പെരുകിവരുന്നു എന്നതാണത്.

വിശ്വാസികളിൽ ദൈവഭക്തിയും ധർമബോധവും വളർത്തുന്നതിനുവേണ്ടിയാണ് വ്രതാനുഷ്ഠാനം നിർബന്ധമാക്കിയതെന്ന് ഖുർആൻ പറയുന്നു. ദുർനടപടികളും അധർമങ്ങളും തടയുന്നതാണ് നമസ്കാരം എന്നും ഉണർത്തുന്നു. അപ്പോൾ നമസ്കാരവും നോമ്പും വർധിക്കുമ്പോൾ സമൂഹം കൂടുതൽ ധാർമികവും സംസ്കൃതവുമാകേണ്ടതല്ലേ? അതെന്തുകൊണ്ട് ദൃശ്യമാകുന്നില്ല എന്നത് നാം അഭിമുഖീകരിക്കുന്ന സങ്കീർണമായ ചോദ്യമാണ്. നമസ്കാരത്തിലും നോമ്പിലും കാണപ്പെടുന്ന ഈ സജീവത ഇല്ലായിരുന്നുവെങ്കിൽ സ്ഥിതി ഇതിനേക്കാൾ ഗുരുതരവും ഭയാനകവുമാകുമായിരുന്നു എന്നാണ് പൊതുവിലുള്ള മറുപടി. അതേറെക്കുറെ ശരിയുമാണ്. എങ്കിലും നമ്മുടെ ഇബാദത്തുകൾ കൊണ്ട് അതിന്റെ ലക്ഷ്യമായ ജീവിതസംസ്കരണം ഉദ്ദിഷ്ടമായ തോതിൽ നേടാൻ കഴിയുന്നില്ല എന്ന സത്യം അവശേഷിക്കുന്നു. ഇബാദത്തുകളെ ലക്ഷ്യത്തിലേക്കുയർത്തുന്ന ഏതോ ഘടകം നമ്മിൽ കുറവുണ്ട് എന്നാണതിനർഥം.

ദീനുൽ ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങളിലൊന്നാണ് 'ഇഖ്‌ലാസ്'. നിഷ്കളങ്കത, ആത്മാർഥത, ഉദ്ദേശ്യശുദ്ധി, തനിമ തുടങ്ങിയ ആശയങ്ങളെ വഹിക്കുന്ന അറബി പദമാണ് ഇഖ്‌ലാസ്. ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ ഇബാദത്തുകളിൽ അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യമാക്കുകയാണ് ഇഖ്‌ലാസ് എന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. മറ്റു താൽപര്യങ്ങളൊന്നുമായിരിക്കരുത് അതിന്റെ പ്രേരകം. ഉദാഹരണമായി, മുറപ്രകാരമുള്ള നമസ്കാരത്തിന്റെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതിക്കപ്പുറം ഒരു നല്ല സാമൂഹികാചാരമോ സാംസ്കാരിക ചിഹ്നമോ ആകുമ്പോൾ അതിന്റെ ഇഖ്‌ലാസിൽ മായം ചേരുന്നു. ഈ അടിസ്ഥാനത്തിൽ, കർമാനുഷ്ഠാനങ്ങളെ ഭൗതിക താൽപര്യങ്ങളിൽനിന്ന് തികച്ചും മുക്തമാക്കുക എന്നും ഇഖ്‌ലാസ് നിർവചിക്കപ്പെട്ടിട്ടുണ്ട്. ഫുദൈൽ ബിൻ ഇയാദ് എന്ന പണ്ഡിതൻ പ്രസ്താവിച്ചു: "ജനങ്ങൾ കാണുമല്ലോ എന്ന് ഭയന്ന് ഒരു തിന്മ വെടിയുന്നത് കപട നാട്യം (രിയാഅ്) ആകുന്നു. ജനങ്ങൾ കാണട്ടെ എന്നാഗ്രഹിച്ച് ഒരു നന്മ ചെയ്യുന്നത് ശിർക്കും." ഈ വീക്ഷണത്തെ സാധൂകരിച്ചുകൊണ്ട് അല്ലാഹു പ്രവാചകനെ അറിയിച്ചതായി ഇബ്നു മാജ നിവേദനം ചെയ്യുന്നു: "എല്ലാ പങ്കാളികളുടെയും പങ്കാളിത്തത്തിന് അതീതനാകുന്നു ഞാൻ. ഒരുവൻ എനിക്കു വേണ്ടി ചെയ്യുന്ന കർമത്തിൽ ഞാനല്ലാത്തവരെ പങ്കാളികളാക്കിയാൽ ഞാൻ അതിൽനിന്ന് മുക്തനാകുന്നു. ആ കർമം, അതിന്റെ കർത്താവ് ആരെ പങ്കാളിയാക്കിയോ അവർക്ക് മാത്രമുള്ളതായിരിക്കും." എത്ര വലിയ കർമമായാലും അതിന് അല്ലാഹുവിങ്കൽ പുണ്യമോ പ്രതിഫലമോ ലഭിക്കുകയില്ല. അല്ലാഹു അവനോട് പറയും: "പോയി ആർക്കു വേണ്ടിയാണോ കർമം ചെയ്തത് അയാളോട് പ്രതിഫലം വാങ്ങിക്കൊള്ളുക." പാരത്രിക പ്രതിഫലമായ നരകമുക്തിയും സ്വർഗലബ്ധിയും നേടാനാവാത്ത കർമങ്ങൾ കൊണ്ട്, അവയുടെ ഇഹലോകത്തെ ഫലമായ ആത്മസംസ്കരണവും ജീവിത വിശുദ്ധിയും നേടാൻ കഴിയില്ലെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

അല്ലാഹു മനുഷ്യരോടാവശ്യപ്പെട്ടിട്ടുള്ളത് വിധേയത്വവും വണക്കവും അവനു മാത്രമാക്കിക്കൊണ്ട് അവന് ഇബാദത്ത് ചെയ്യാനാണ്. "വിധേയത്വം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവന് ഇബാദത്ത് ചെയ്യാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല" (98:5), "അല്ലാഹുവിനോടുള്ള നിഷ്കളങ്കമായ വിധേയത്വത്തോടെ അവന് ഇബാദത്ത് ചെയ്യുവിൻ. അറിയുവിൻ, കലർപ്പറ്റ വിധേയത്വം അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാകുന്നു"(39:2,3). ഇത്തരം സൂക്തങ്ങളിലെല്ലാം അല്ലാഹുവിനോടുള്ള നിഷ്കളങ്കതയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നത് 'ഇഖ്‌ലാസ്' എന്ന പദമാണ്. ഈമാനിലും ഇബാദത്തിലും തുടിക്കുന്ന ചൈതന്യമാണ് ഇഖ്‌ലാസ്. ഇബാദത്തുകളെ ജീവിതസംസ്കരണത്തിന് പര്യാപ്തമാക്കുന്നതും പരലോകത്ത് പ്രതിഫലാർഹമായ പുണ്യമാക്കുന്നതും ഈ ചൈതന്യമാണ്. ഇഖ്‌ലാസ് എത്രത്തോളം ക്ഷയിക്കുന്നുവോ ഇബാദത്ത് അത്രത്തോളം നിഷ്പ്രഭവും മൃതവുമാകുന്നു. മൃതമായ ഇബാദത്തുകൾ എത്ര പെരുപ്പിച്ചാലും നമ്മുടെ ചിന്തകളെയും കർമങ്ങളെയും ഒട്ടും സ്വാധീനിക്കുകയില്ല.

അബൂഹുറയ്റ നബി(സ)യിൽനിന്ന് ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ പരലോകത്ത് ആദ്യം വിചാരണ ചെയ്യപ്പെടുന്ന മൂന്നു തരക്കാരെക്കുറിച്ച് പറയുന്നുണ്ട്. മൂന്നു കൂട്ടരെയും അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ഓർമിപ്പിച്ച ശേഷം അത് എങ്ങനെ വിനിയോഗിച്ചു എന്ന് ചോദിക്കും. ബലിഷ്ഠനായിരുന്ന ഒന്നാമൻ പറയും: ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ പോരാടി രക്തസാക്ഷിയായി. സമ്പന്നനായിരുന്ന രണ്ടാമൻ പറയും: അല്ലാഹു ഇഷ്ടപ്പെടുന്ന അവന്റെ എല്ലാ മാർഗങ്ങളിലും ഞാൻ എന്റെ സമ്പത്ത് ചെലവഴിച്ചു. പണ്ഡിതനായിരുന്ന മൂന്നാമൻ പറയും: ഞാൻ പഠിക്കുകയും പഠിപ്പിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും ചെയ്തു. അല്ലാഹു ഈ മൂന്നുപേരുടെയും മൊഴികൾ തള്ളിക്കളയും. ഒന്നാമനോട് അവൻ പറയും: നീ പോരാടിയത് വീരശൂര പരാക്രമി എന്ന കീർത്തിക്കു വേണ്ടിയായിരുന്നു. അതു നിനക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാമനോട്: നീ സമ്പത്ത് ചെലവഴിച്ചത് ആളുകൾ നിന്നെ മഹാ ധർമിഷ്ഠനെന്ന് വാഴ്ത്താൻ വേണ്ടിയായിരുന്നു. അത് നിനക്ക് കിട്ടിക്കഴിഞ്ഞിരിക്കുന്നു. മൂന്നാമനോട് പറയും: മഹാ പണ്ഡിതനും ഖാരിഉം എന്ന പ്രശസ്തിക്കു വേണ്ടിയാണ് നീ പഠിച്ചതും പഠിപ്പിച്ചതും ഓതിയതുമെല്ലാം. നീ തേടിയത് നിനക്കും കിട്ടിയിരിക്കുന്നു. തുടർന്ന് മൂന്നു പേരെയും മുഖംകുത്തി വലിച്ചിഴച്ച് നരകത്തിലെറിയാൻ ഉത്തരവാകും." ഇതാണ് ഉദ്ദേശ്യത്തിൽ കളങ്കം ചേർത്ത കർമങ്ങളുടെ ഗതി. നമ്മുടെ ഇബാദത്തുകൾക്ക് ഇഖ്‌ലാസ് ആകുന്ന ജീവനുണ്ടോ എന്നും, അവയുടെ പ്രതിഫലം ഇവിടെ വെച്ചു തന്നെ നാം പറ്റിക്കഴിഞ്ഞുവോ എന്നും ഗൗരവബുദ്ധ്യാ സ്വയം പരിശോധിച്ചുനോക്കുക. ■